


അനുഭവം

**പി.ടി ഉമർബാവ മാറഞ്ചേരി**

# ലഹരി മുക്തിയുടെ ഒരു വർഷം

**2008** ജനുവരി 27. മാറഞ്ചേരി മുക്കാലയിലെ മദ്റസാ ഹാൾ.

പ്രദേശത്തെ രാഷ്ട്രീയ സാംസ്കാരിക സാമൂഹിക മേഖലകളിലെ നേതാക്കളും ഒരുപറ്റം യുവാക്കളും ഒരുമിച്ചുകൂടിയിരിക്കുന്നു. മുക്കാല മേഖലയിൽ വർധിച്ചുവരുന്ന അനധികൃത മദ്യവിൽപനക്കെതിരെ ജനജാഗ്രതാസമിതി ഉണ്ടാക്കാനുള്ള ഒത്തുകൂടലായിരുന്നു അത്. മദ്യം ഉണ്ടാക്കുന്ന വിപത്തിനെതിരെയാണ് പ്രസംഗങ്ങൾ.

അന്ന് ജോലി കഴിഞ്ഞ് വരുമ്പോൾ പതിവുപോലെ നല്ലതോതിൽ അടിച്ചുപൂസായ ഞാൻ, മദ്റസാ ഹാളിന് പുറത്തുനിന്ന് പ്രസംഗങ്ങൾ കേൾക്കുകയായിരുന്നു. പിന്നെ മദ്റസാ ഹാളിലേക്ക് തള്ളിക്കയറി എന്റെ വക പ്രസംഗം ആരംഭിച്ചു. "ഈ ജാഗ്രതാ സമിതി ഇവിടെ വേണം. ഞാൻ കുടിയനാണ്. പക്ഷേ എന്റെ കുട്ടികൾ കുടിക്കരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. അതുകൊണ്ട് ഞാൻ ഇതിന് എല്ലാവിധ പിന്തുണയും നൽകുന്നു."

ഈ വാക്കുകൾ വീണ്ടും വീണ്ടും ആവർത്തിച്ച് ഡസ്കിലടിച്ച് പ്രസംഗം കത്തിക്കയറി. ആ യോഗത്തിൽ പങ്കെടുത്ത ജമാഅത്തെ ഇസ്‌ലാമി ജില്ലാ അസി. സെക്രട്ടറി അബ്ദുല്ലത്വീഫ് സാഹിബും മറ്റു ചിലരും ചേർന്ന് ബലമായി പിടിച്ചു എന്നെ പുറത്താക്കി യോഗം തുടർന്നു.

എവിടെയോ നന്മ ഉള്ളതുകൊണ്ടായിരിക്കാം മനസ്സിൽ കുറ്റബോധം തോന്നി. മദ്യപാനവും ചീട്ടുകളിയും പുകവലിയും ഇല്ലാതെ ജീവിക്കാൻ പറ്റാത്ത നിലയിലെത്തിക്കഴിഞ്ഞിരുന്നു ഞാൻ. അധ്വാനിച്ച് കിട്ടുന്നത് വീട്ടിൽ കൊടുക്കാൻ കഴിയാതെയായി. കുടുംബ ജീവിതത്തിൽ സർവത്ര പ്രശ്നങ്ങൾ. ജീവനുതുല്യം സ്നേഹിക്കുന്ന ഭാര്യയും കുട്ടികളും എന്നെ വെറുത്തു. അങ്ങനെ ഞാൻ ചീട്ട്കളി നിർത്തി. പക്ഷേ, ചീട്ട്കളിച്ചുകളയുന്ന പൈസക്കു കൂടി മദ്യപിക്കാൻ തുടങ്ങി. വീട്ടിൽ വഴക്കുമൂത്ത് അടിയായി. ജീവിതം കൈവിട്ട് പോവുകയാണെന്ന് തോന്നി. ആത്മഹത്യയെക്കുറിച്ച് വരെ ചിന്തിച്ചു. എന്റെ നാട് മതപണ്ഡിതന്മാർ, സാമൂഹിക പ്രവർത്തകർ, രാഷ്ട്രീയക്കാർ, റിയൽ എസ്റ്റേറ്റ് കച്ചവടക്കാർ, മണൽമാഫിയ തുടങ്ങിയ എല്ലാതരം ആളുകളും താമസിക്കുന്ന ഒരു ഏരിയയാണ്. കൂട്ടത്തിൽ മദ്യവിൽപനക്കാരുമുണ്ട്. ആർക്കും മദ്യവിൽപന തടയാനോ അതിനെതിരെ സംഘടിക്കാനോ ധൈര്യമില്ല. മദ്യവിൽപനക്കാരെ വെറുപ്പിക്കേണ്ട എന്നു കരുതി, മദ്യം കഴിക്കുന്നവർ പല പ്രശ്നങ്ങളും ഉണ്ടാക്കിയിട്ടും മദ്യവിൽപനക്കാർക്കെതിരെ ശബ്ദമുയർത്താൻ അവർ ധൈര്യപ്പെട്ടില്ല. ഈ സന്ദർഭത്തിലാണ് ഇവർക്കെതിരെ സംഘടിക്കാൻ ഒരുകൂട്ടർ മദ്റസാഹാളിൽ ഒത്തുകൂടിയത്.

പിറ്റേന്ന് കാലത്ത് അബ്ദുല്ലത്വീഫ് സാഹിബും സോളിഡാരിറ്റി പ്രവർത്തകരായ മൻസൂർ, റാഫി, ഉമറുൽ ഫാറൂഖ് എന്നിവരും കൂടി വീട്ടിലേക്ക് വന്നു. കുടിച്ച് നടന്ന എനിക്ക് വീടും വീട്ടിലെ സൗകര്യങ്ങളും തീരെ ശ്രദ്ധിക്കാൻ സമയം കിട്ടാത്തതുകൊണ്ട് ഇവർക്ക് ഇരിക്കാനുള്ള സൗകര്യം ഒരുക്കാൻ പോലും കഴിഞ്ഞില്ല.

തലേദിവസം രാത്രി നടന്ന സംഭവം ഓർമിപ്പിച്ചുകൊണ്ട് ലത്വീഫ് സാഹിബ് പറഞ്ഞു: "താങ്കൾ മദ്യപാനിയായതിൽ താങ്കൾക്ക് നല്ല മനഃപ്രയാസമുണ്ടെന്ന് പ്രസംഗത്തിൽനിന്നും മനസ്സിലായി. ഫെബ്രുവരി 1 മുതൽ 20 വരെ തിരൂർ പച്ചാട്ടിരിയിൽ വെച്ച് ഐ.ആർ.ഡബ്ലിയുവിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഡീ അഡിക്ഷൻ ക്യാമ്പിൽ താങ്കൾ പങ്കെടുക്കണം. ഇനി ഒട്ടും സംശയിച്ച് നിൽക്കണ്ട." ഞാൻ കുറച്ച് നേരം തരിച്ചുനിന്നുപോയി. ഇത്രയും ദിവസം വീട്ടിൽനിന്ന് വിട്ടുനിന്നാൽ എന്റെ വീട് ആര് നോക്കുമെന്ന് ചോദിച്ചപ്പോൾ, എന്റെ ഭാര്യ ഇറങ്ങിവന്ന് പറഞ്ഞു: "ഞങ്ങളെക്കുറിച്ച് നിങ്ങൾ ബേജാറാകണ്ട. നിങ്ങൾ നിർബന്ധമായും പോകണം, ഞങ്ങൾ എങ്ങനെയെങ്കിലും ജീവിച്ചുകൊള്ളാം." ഞാൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന ഭാര്യയുടെയും കുട്ടികളുടെയും നിർബന്ധം കൂടിയായപ്പോൾ എനിക്ക് വഴങ്ങേണ്ടിവന്നു.

ഫെബ്രുവരി ഒന്നിന് കാലത്ത് റാഫി ഓട്ടോറിക്ഷയുമായി വന്നു. എന്നെ 'കുടി' നിർത്താൻ കൊണ്ടുപോകുന്നതറിഞ്ഞ് മറ്റു രണ്ട് പേരെകൂടി അവരുടെ വീട്ടുകാർ സംഘടിപ്പിച്ചിരുന്നു. രവിയും ബഷീറുമായിരുന്നു അവർ. റാഫി, ഞങ്ങൾ മൂന്ന് പേരെയും പൊന്നാനി ജങ്കാർ വഴി പച്ചാട്ടിരി പള്ളിയിലെ ക്യാമ്പിൽ കൊണ്ടുവന്നു. പള്ളിയിലാണ് ക്യാമ്പ് എന്നറിഞ്ഞപ്പോൾ മനസ്സിലെ ഭയം മാറി. അതുവരെ മനസ്സിലുണ്ടായിരുന്നത് ഹോസ്പിറ്റലോ ഏതെങ്കിലും അജ്ഞാത കേന്ദ്രമോ ആയിരിക്കുമെന്നായിരുന്നു.

ക്യാമ്പ് തുടങ്ങിയപ്പോൾ അവിടെനിന്ന് ചാടിപ്പോരാൻ തീരുമാനിച്ചിരുന്നു. ആദ്യദിവസം എനിക്കതിന് കഴിഞ്ഞില്ല. പിറ്റേ ദിവസമാകാം എന്നുകരുതി. അപ്പോഴാണ് ക്യാമ്പിന്റെ സംഘാടകനും ഐ.ആർ.ഡബ്ലിയു സെക്രട്ടറിയുമായ ഖാജാ ശിഹാബുദ്ദീൻ സാഹിബിന്റെ ക്ലാസ് കേൾക്കുന്നത്. അത് ഹൃദയത്തിൽ തറച്ചു. ക്യാമ്പ് വിട്ടുപോകാനുള്ള തീരുമാനം മാറ്റി. ദിവസവും രാവിലെയുള്ള മജീദ് സാഹിബിന്റെയും കാനൂർ അബ്ദുർറഹ്മാൻ സാഹിബിന്റെയും ക്ലാസ്സുകൾ മനസ്സിനെ നന്മയിലേക്ക് പാകപ്പെടുത്തിക്കൊണ്ടിരുന്നു.

**ക്യാമ്പിന്റെ സമാപനം ഒരു വലിയ വേർപാടിന്റെ വേദിയായി മാറി. ഞങ്ങളെ വലിയൊരു തിന്മയിൽനിന്നും രക്ഷപ്പെടുത്താൻ സ്നേഹം തന്നും സാഹോദര്യം പങ്കുവെച്ചും അഹോരാത്രം പരിശ്രമിച്ച ഇസ്ലാമിക പ്രവർത്തകരെ വേർപിരിയണമല്ലോ എന്നോർത്തപ്പോൾ കണ്ണുകൾ ഈറനണിഞ്ഞു.**

ഓരോ പ്രഭാതവും അറിവും സ്നേഹവുമായിരുന്നു. സ്നേഹം തന്ന് വീർപ്പുമുട്ടിക്കുന്ന സംഘാടകർ. നാസർ സാഹിബിന്റെ അച്ചടക്കപൂർണമായ നേതൃത്വം, സുബൈർ മാസ്റ്ററുടെ സ്നേഹപൂർണമായ പെരുമാറ്റം, വഹാബ്, പി.പി സലീം, അബ്ദുൽ ഖാദർ, പി.പി കുഞ്ഞിമുഹമ്മദ് എന്നിവരോടൊത്തുള്ള സഹവാസം, ഡോ. സി.പി അബൂബക്കറിന്റെ അറിവിന്റെ പുതുവെളിച്ചം പകരുന്ന ആരോഗ്യക്ലാസ്, സോഷ്യൽ വർക്കർമാരായ രശ്മി, സീനു, സിബി എന്നിവരുടെ മനഃശാസ്ത്രപരമായ കൗൺസലിംഗ്.... ഇങ്ങനെ ഒരു മനുഷ്യനെ മാറ്റിമറിക്കാൻ വേണ്ട സമർഥമായ സംഘാടനമായിരുന്നു ക്യാമ്പിൽ കണ്ടത്.

സ്നേഹം ആർക്ക് പങ്കിടണമെന്നറിയാതെ ഞാൻ ആകെ ആശയക്കുഴപ്പത്തിലായി. അവിടെ ഞങ്ങളെ സഹായിക്കാൻ വന്നവരും മത്സരിച്ച് ഞങ്ങളെ സ്നേഹിക്കുകയായിരുന്നു. ഞങ്ങളകപ്പെട്ട തിന്മയിൽനിന്ന് മോചിപ്പിക്കണമെന്നതായിരുന്നു ഓരോരുത്തരുടെ മനസ്സിലും. ഈ സ്നേഹവും സാഹോദര്യവും കണ്ടപ്പോൾ ഞങ്ങൾ ചെയ്തുകൂട്ടിയ തിന്മകളോർത്ത് പശ്ചാത്താപവിവശമായി തലകുനിഞ്ഞു. കുടിച്ചുതീർത്ത ലക്ഷങ്ങളുടെ കണക്കുകൾ ഓരോരുത്തരും നിരത്തിയപ്പോൾ അത് കോടികളായി മാറി. ഇതുമൂലം തകർന്ന കുടുംബങ്ങൾ, നാട്ടിലും വീട്ടിലുമുണ്ടായ നിരവധി പ്രശ്നങ്ങൾ... എല്ലാം പരസ്പരം പങ്കുവെച്ചു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള പ്രഗത്ഭ വ്യക്തിത്വങ്ങളും പ്രസ്ഥാന നേതാക്കളും ക്യാമ്പിൽ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസ്സെടുത്തു.

ഒഴിവു ദിവസങ്ങളിൽ കുടുംബാംഗങ്ങളെ പങ്കെടുപ്പിച്ചുള്ള കൗൺസിലിംഗ് ഏറെ പ്രയോജനം ചെയ്തു. ക്യാമ്പിന്റെ സമാപനം ഒരു വലിയ വേർപാടിന്റെ വേദിയായി മാറി. ഞങ്ങളെ വലിയൊരു തിന്മയിൽനിന്നും രക്ഷപ്പെടുത്താൻ സ്നേഹം തന്നും സാഹോദര്യം പങ്കുവെച്ചും അഹോരാത്രം പരിശ്രമിച്ച ഇസ്ലാമിക പ്രവർത്തകരെ വേർപിരിയണമല്ലോ എന്നോർത്തപ്പോൾ കണ്ണുകൾ ഈറനണിഞ്ഞു. 21 ദിവസം പോതയറിഞ്ഞില്ല. പരസ്പരം ആശ്ലേഷിച്ചു ഞങ്ങൾ കുടുംബത്തോടൊപ്പം യാത്ര പറഞ്ഞിറങ്ങി. മദ്യം മാത്രമല്ല, 28 കൊല്ലമായി തുടരുന്ന പുകവലിയും ഉപേക്ഷിച്ചാണ് പച്ചാട്ടിരിയിൽനിന്നും പടിയിറങ്ങിയത്.

ഒരു പുതുജീവിതം തിരിച്ചുകിട്ടിയ ഞാൻ പിന്നീട് പുറകോട്ട് നോക്കിയിട്ടില്ല. നാട്ടിൽ വന്ന ഉടനെ മാറഞ്ചേരി ഏരിയയിലെ മുക്കാല-എം.ജി റോഡ് ഹൽഖയിൽ ഒരംഗമായി ചേർന്നു. ഇസ്ലാമിക പ്രവർത്തനം ആരംഭിച്ചു. ഞങ്ങളുടെ നാസിം അബ്ദുല്ലത്വീഫ് സാഹിബിന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും ഞങ്ങൾ സുബ്ഹിക്ക് പള്ളിയിൽ ഒത്തുകൂടി. പച്ചാട്ടിരിയിൽനിന്ന് കിട്ടിയിരുന്ന സ്നേഹം, അതിനേക്കാൾ കൂടുതലായി ഹൽഖയിലെ യുവ പ്രവർത്തകർ എനിക്കു നൽകി. എന്റെ ഓരോ കാര്യത്തിലും അവർ ഇടപെട്ടു. ഞങ്ങളുടെ ഹൽഖ ഒരു ജനകീയ ഹൽഖയായിരുന്നു. യുവാക്കളാണ് അധികവും. എനിക്കും മകനും ഹൽഖായോഗം ഒരാവേശമായിട്ടാണ് അനുഭവപ്പെട്ടത്.

ഞങ്ങളുടെ ഹൽഖാ പ്രവർത്തനത്തിന് ഒരു ക്വാർട്ടേഴ്സ് തന്നെ സൗജന്യമായി തന്ന ഹൽഖാ അംഗം ചെറ്റാറയിൽ കുഞ്ഞുസാഹിബ്, എനിക്ക് ഒരു ക്വാർട്ടേഴ്സ് കുറഞ്ഞ വാടകക്ക് തന്ന് എന്നെയും കുടുംബത്തെയും ഓഫീസ് പരിസരത്ത് പുനരധിവസിപ്പിച്ചു. എന്റെയും കുടുംബത്തിന്റെയും സംസ്ക

രണത്തിന് താമസമാറ്റം നല്ല ഫലം ചെയ്തു. എന്റെ ഭാര്യ ഇപ്പോൾ വനിതാ ഹൽഖാ അംഗമാണ്. ഡിഗ്രിക്ക് പഠിക്കുന്ന മകൾ ജി.ഐ.ഒ പ്രസിഡന്റാണ്. ആൺകുട്ടി ഹൽഖാ യോഗത്തിലും താഴെയുള്ള പെൺകുട്ടി ജി.ഐ.ഒ യോഗത്തിലും പങ്കെടുക്കുന്നു.

ഞാൻ വന്നതിനു ശേഷം ഹൽഖയുടെ കീഴിൽ ഖുർആൻ പഠിക്കുന്നതിന് ഒരു സെന്റർ തുടങ്ങി. മുപ്പതോളംപേർ ഈ സെന്ററിൽ പഠിതാക്കളാണ്. ഞാൻ ഇപ്പോൾ ഖുർആൻ സ്റ്റഡി സെന്ററിന്റെ അസി. കോ-ഓർഡിനേറ്ററാണ്. വനിതകൾക്ക് ആരംഭിച്ച സ്റ്റഡി സെന്ററിൽ ഭാര്യയും മക്കളും ഖുർആൻ പഠനം നടത്തുന്നു.

ഞങ്ങളുടെ ഹൽഖക്ക് കീഴിൽ ആരംഭിച്ച 'തണൽ വെൽഫെയർ സൊസൈറ്റി'യുടെ പ്രവർത്തനത്തിലും ഞാനും കുടുംബവും സജീവമായി പങ്കാളിത്തം വഹിക്കുന്നു. കുടുംബശ്രീ മോഡലിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചാണ് ഈ സൊസൈറ്റി പ്രവർത്തിക്കുന്നത്. പത്ത് അയൽകൂട്ടങ്ങളിലായി ഇരുനൂറോളം സ്ത്രീകൾ തണലിൽ അംഗങ്ങളായി ചേർന്നു. നാസിമും ഭാര്യയും മറ്റു ഹൽഖാ പ്രവർത്തകരോടുമൊന്നിച്ച് ഞാനും ഭാര്യയും അയൽകൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിൽ മുന്നിട്ടിറങ്ങുകയുണ്ടായി. എന്റെ പഴയകാല ബന്ധങ്ങൾ അയൽകൂട്ടം സംഘടിപ്പിക്കുന്നതിൽ സഹായകമായിട്ടുണ്ട്.

പുതുജീവിതത്തിലേക്ക് പ്രവേശിച്ച ശേഷം അല്ലാഹുവിന്റെ സഹായം ഓരോ ഘട്ടത്തിലും എനിക്ക് ലഭിക്കുകയുണ്ടായിട്ടുണ്ട്. എന്നെയും കുടുംബത്തെയും ഈ മാർഗത്തിലേക്ക് കൊണ്ടുവരാൻ പണിപ്പെട്ടവർക്കും അത് നിലനിർത്തിത്തരാൻ നിരന്തരം പ്രയത്നിക്കുന്ന ഹൽഖാ അംഗങ്ങൾക്കും എങ്ങനെയാണ് എന്റെ കടപ്പാട് രേഖപ്പെടുത്തേണ്ടത് എന്ന് എനിക്ക് അറിയില്ല. അല്ലാഹു എല്ലാം കാണുന്നുണ്ട്. അവൻ അവർക്ക് അർഹമായ പ്രതിഫലം നൽകട്ടെ എന്ന് ആത്മാർഥമായി പ്രാർഥിക്കുന്നു.

അവസാനിപ്പിക്കുന്നതിന് മുമ്പ് ഒരു കാര്യം കൂടി. ഡി അഡിക്ഷൻ ക്യാമ്പുകൾ നടത്തിക്കഴിഞ്ഞാൽ ക്യാമ്പംഗങ്ങളെ സ്വതന്ത്രമായി അവരുടെ പാട്ടിന് വിടരുത്. അതത് പ്രദേശത്തെ പ്രസ്ഥാന ഘടകങ്ങൾ അവരെ നിരന്തരം പിന്തുടരണം. അവരുടെയും കുടുംബത്തിന്റെയും കാര്യങ്ങൾ ശ്രദ്ധിക്കണം. അല്ലെങ്കിൽ പഴയ ജീവിതത്തിലേക്ക് തിരിച്ചുപോകാൻ നല്ല സാധ്യതയുണ്ട്. ■